പാട്ട വ്യവസ്ഥയിൽ നൽകിയ റവന്യൂ ഭൂമി

24 [638] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാട്ടവ്യവസ്ഥയിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി എത്ര ഹെക്ടർ റവന്യൂ ഭൂമി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; വിശദ വിവരം അറിയിക്കാമോ;

(ബി) ഏതെല്ലാം വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എത്ര ഏക്കർ ഭൂമി വീതം പാട്ടത്തിന് നൽകിയിട്ടുണ്ടെന്ന് പറയാമോ;

(സി) പാട്ടവ്യവസ്ഥയിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും എത്രവീതം ഭൂമി നൽകി എന്നതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ഡി) ഇതിൽ പാട്ട കുടിശ്ശിക വരുത്തിയിട്ടുള്ള വ്യക്തികളും സ്ഥാപനങ്ങളും ആരെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ഇ) പാട്ട വ്യവസ്ഥപ്രകാരം നൽകിയ ഭൂമിയുടെ കാലാവധി കഴിഞ്ഞ എത്ര കേസുകൾ ഉണ്ട്;

(എഫ്) പാട്ടക്കാലാവധി കഴിഞ്ഞ ഭൂമി സർക്കാർ ഏറ്റെടുക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തൊട്ടാകെ മൊത്തം 1876.7096 ഹെക്ടർ ഭൂമി വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്.

(ബി) വിശദമായ കണക്ക് ശേഖരിച്ചുവരുന്നു.

(സി) പാട്ട വ്യവസ്ഥയിൽ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കുമായി പാട്ടത്തിന് നൽകിയിട്ടുള്ളതിന്റെ ജില്ലതിരിച്ചുള്ള വിവരങ്ങൾ താഴെകൊടുക്കുന്നു:

ജില്ല		*വിസ്തീർണ്ണം (ഹെക്ടർ)*
തിരുവനന്തപുരം	..	577.4560
കൊല്ലം	..	185.0971
പത്തനംതിട്ട	..	201.6993
ആലപ്പുഴ	..	42.3060
ഇടുക്കി	..	198.9525
കോട്ടയം	..	77.3611
എറണാകുളം	..	218.9516
തൃശ്ശൂർ	..	225.1900
പാലക്കാട്	..	22.3313
മലപ്പുറം	..	18.3765
കോഴിക്കോട്	..	25.2226
വയനാട്	..	19.1392
കണ്ണൂർ	..	48.5829
കാസർഗോഡ്	..	16.0435
ആകെ	..	1876.7096

LIBRARY ARCHIVES Kerala Legislative Assembly

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പൂർണ്ണമായ വിവരം ലഭ്യമായിട്ടില്ല. വിവരം ശേഖരിച്ചുവരുന്നു.

(എഫ്) പാട്ടക്കാലാവധി കഴിഞ്ഞ കേസുകൾ പാട്ടം പുതുക്കാത്തപക്ഷം സർക്കാരിലേയ്ക്ക് തിരിച്ചെടുക്കുന്നതിന് ചട്ടങ്ങളിൽ വ്യവസ്ഥയുണ്ട്. അതുപ്രകാരമുള്ള നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

"പാട്ടത്തിന് നൽകിയ സർക്കാർ ഭൂമി"

25 [639] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എത്ര ഏക്കർ ഭൂമിയാണ് പാട്ടത്തിന് നൽകിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോരുത്തർക്കും പാട്ടത്തിനു നൽകിയ ഭൂമി എത്രയാണെന്നും ആയത് എന്തെല്ലാം ആവശ്യത്തിന് വിനിയോഗിക്കുന്നു എന്നും വിശദമാക്കാമോ;

(സി) ഇപ്പോൾ ഓരോരുത്തരും നൽകേണ്ട പാട്ടത്തുകയിൽ കുടിശ്ശികയെത്ര രൂപ വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) അവ പിരിച്ചെടുക്കാൻ എന്തു നടപടി സ്വീകരിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) പാട്ടത്തുക കുറയ്ക്കുന്നതിലൂടെ ഭൂമി പാട്ടത്തിന് നൽകിയ ഓരോരുത്തർക്കും നിലവിലുള്ള തുകയിൽ നിന്നും പ്രതിവർഷം എത്ര രൂപയുടെ കുറവ് ലഭിക്കും എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് 1876.7096 ഹെക്ടർ റവന്യൂ ഭൂമി പാട്ടത്തിന് നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) പാട്ട കുടിശ്ശിക വരുത്തിയ എല്ലാ വ്യക്തികളുടേയും സ്ഥാപനങ്ങളുടേയും കണക്കുകൾ ലഭിച്ചിട്ടില്ല. എന്നാൽ സംസ്ഥാനത്തൊട്ടാകെ മൊത്തം 2,49,39,35,712 രൂപ കുടിശ്ശികയിനത്തിൽ പിരിഞ്ഞു കിട്ടാനുണ്ട്. ഇതിൽ ശരിക്കും പിരിച്ചെടുക്കാവുന്ന തുക 58,98,63,702 രൂപ മാത്രമാണ്. ബാക്കി കോടതി സ്റ്റേകളും മറ്റുമാണ്.

(ഡി) കുടിശ്ശിക പിരിച്ചെടുക്കാൻ വേണ്ട കർശന നിർദ്ദേശം എല്ലാ ജില്ലാ കളക്ടർമാർക്കും നൽകുന്നതാണ്.

(ഇ) പ്രത്യേകിച്ചുള്ള കണക്കുകൾ ലഭിച്ചിട്ടില്ല. വിവരം ശേഖരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly